**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5110** **20-07-2022 - ൽ മറുപടിയ്ക്ക്**

**തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) | സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനും തുറമുഖ വകുപ്പിന് കീഴിലുള്ള സ്ഥലങ്ങളെ മറൈൻ, ടൂറിസം വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം പൂർത്തീകരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പി ക്കുന്നതിന്റെ ഭാഗമായി കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കോസ്റ്റൽ ഷിപ്പിംഗ് പുനരാരംഭിച്ചിട്ടുണ്ട്. ഷിപ്പിംഗ് ഓപ്പറേഷനുമായി ബന്ധപ്പെട്ട് ലോഡഡ് കണ്ടെയ്നറുകൾക്കുള്ള ഇൻസെന്റീവ് 22/01/2023 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.<br><br>**<u>ബേപ്പൂർ</u>**<br><br>കോസ്റ്റൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ചില പ്രൊപ്പോസലുകൾ ഇൻവെസ്റ്റേഴ്സ് മീറ്റിൽ ലഭിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്തേക്ക് വലിയ കപ്പലുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി തുറമുഖ ചാനലിന്റെ ആഴം കൂട്ടുന്നതിനുള്ള ഡി.പി.ആർ M /s KITCO തയ്യാറാക്കിയിട്ടുണ്ട്. ആയത് സാഗർമാല പദ്ധതിയിലുൾപ്പെടുത്തി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ബേപ്പൂർ തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള ഡി.പി.ആർ സമർപ്പിക്കുന്നതിനായി IPRCL നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.<br><br>**<u>അഴീക്കൽ</u>**<br><br>അഴീക്കൽ തുറമുഖ ഓഫീസിന്റെ കീഴിലുള്ള സി.എസ്.ഡി ചന്ദ്രഗിരി ഡ്രഡ്ജർ ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | കപ്പൽ ചാനലിന്റെ ആഴം നാല് മീറ്റർ ആയി നിലനിർത്തിയിട്ടുണ്ട്. തുറമുഖത്ത് എത്തിച്ചേരുന്ന കപ്പലുകളെ പൈലറ്റ് ചെയ്യുന്നതിനായി ടഗ്ഗ് അഴീക്കൽ തുറമുഖത്ത് ഏർപ്പെടുത്തി. അഴീക്കൽ തുറമുഖത്ത് ഇ. ഡി. ഐ ടെർമിനൽ സ്ഥാപിച്ചിട്ടുണ്ട്. എമിഗ്രേഷൻ ചെക്ക് പോയിന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ തുറമുഖത്ത് കപ്പലുകളിൽനിന്ന് എത്തിച്ചേരുന്നതും പോകുന്നതുമായ ചരക്കുകൾ കൈകാര്യം ചെയ്യുന്നതിന് ലിബർ LHM, റീച്ച് സ്റ്റാക്കർ ക്രെയിനുകളുടെ സൗകര്യം ലഭ്യമാണ്. ചരക്കുകൾ സൂക്ഷിക്കുന്നതിന് വേണ്ടി 4 ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>**<u>കൊല്ലം</u>**<br><br>കൊല്ലം തുറമുഖത്ത് വലിയ കപ്പലുകളെ ആകർഷിക്കുന്നതിന്റെ ഭാഗമായി തുറമുഖ ചാനലിന്റെ ആഴം കൂട്ടുന്നതിനുള്ള ഡി.പി.ആർ തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചുവരുന്നു. തുറമുഖത്ത് ടഗ്ഗ്, ക്രെയിനുകൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. കൊല്ലം പാസഞ്ചർ ടെർമിനലിന്റെ ഭാഗമായുള്ള ബർത്ത് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തന- മാരംഭിച്ചു.<br><br>**<u>ആലപ്പുഴ</u>**<br><br>ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ആലപ്പുഴ തുറമുഖത്ത് ഒരു കടൽപ്പാലം നിർമ്മിക്കുന്നതിനും മറീന സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടികൾ മുസിരീസ് ഹെറിറ്റേജിന്റെ ഭാഗമായി സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് റോ-റോ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളെ ബന്ധിപ്പിച്ച് റോ റോ സർവീസ് ആരംഭിക്കുന്നതിനു ആലോചന-യുണ്ട്. ടി പദ്ധതി ഇൻവെസ്റ്റേഴ്സ് മീറ്റിൽ ഉൾപ്പെടുത്തി പ്രൊപ്പോസലുകൾ ക്ഷണിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖത്ത് റോ റോ ജെട്ടി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (സി) | ആലപ്പുഴ തുറമുഖത്തെ ഒരു സമുദ്ര വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (സി) | ആലപ്പുഴ തുറമുഖത്തെ മറീനയായി ഉയർത്തുന്നതിനുള്ള ശുപാർശ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ